**15 -ാം കേരള നിയമസഭ**

**10 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 342** **29-01-2024 - ൽ മറുപടിയ്ക്ക്**

**ലൈഫ് ഫ്ലാറ്റ് സമുച്ചയ നിർമ്മാണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ടി.ഐ.മധുസൂദനൻ | | ശ്രീ. എം.ബി. രാജേഷ്<br>(തദ്ദേശ സ്വയംഭരണം, എക്സൈസ് വകുപ്പ് മന്ത്രി) | |
| (എ) | പയ്യന്നൂർ നഗരസഭയിലെ ലൈഫ് ഫ്ലാറ്റ് സമുച്ചയ നിർമ്മാണം ഏത് ഘട്ടത്തിലാണെന്ന് അറിയിക്കാമോ; | (എ) | ഫ്ലാറ്റ് സമുച്ചയത്തിന്റെ അടിത്തറയുടെ നിർമ്മാണ പ്രവർത്തനങ്ങൾ 80% പൂർത്തീകരിച്ചിട്ടുണ്ട്. |
| (ബി) | നിർമ്മാണ പ്രവൃത്തി സമയബന്ധിതമായി നടക്കാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ തടസ്സങ്ങൾ പരിഹരിച്ച് നിർമ്മാണം വേഗത്തിലാക്കാൻ നടപടികൾ സ്വീകരിക്കുമോ; | (ബി) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.<br><br>നൂതന പ്രീ-ഫാബ്രിക്കേറ്റഡ് സാങ്കേതിക വിദ്യയിലുള്ള ഈ പ്രവർത്തിക്കുവേണ്ടി നിർമ്മാണ സാമഗ്രികളും വിദഗ്ധ തൊഴിലാളികളും വടക്കേ ഇന്ത്യൻ സംസ്ഥാനങ്ങളിൽ നിന്നാണ് വരുന്നത്. കോവിഡ്-19 മഹാമാരി കാരണം തുടക്കത്തിൽ നിർമ്മാണ ത്തിന് തടസ്സം നേരിട്ടിരുന്നു. പ്രവൃത്തിയുടെ കരാറിനുശേഷം ഇരുമ്പിന്റെ കമ്പോള വിലയിലെ  വലിയ വില വർദ്ധനവ് കാരണം ടെണ്ടർ തുകയിൽ വർദ്ധനവ് വേണമെന്ന് കരാറുകാർ ആവശ്യപ്പെട്ടിരുന്നു. ഈ ആവശ്യം പരിശോധിച്ച സാങ്കേതിക സമിതിയുടെ ശുപാർശ പരിശോധിച്ച് വരികയാണ്. നിർമ്മാണ പ്രവൃത്തി അടിയന്തിരമായി പൂർത്തീകരിക്കാൻ കരാറുകാർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. |
| (സി) | പദ്ധതി പൂർത്തീകരിച്ച് ഫ്ലാറ്റ് എപ്പോൾ ഗുണഭോക്താക്കൾക്ക് കൈമാറാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്; വ്യക്തമാക്കാമോ? | (സി) | പ്രൈസ് എസ്കലേഷനുമായി ബന്ധപ്പെട്ട കരാറുകാരുടെ ആവശ്യം സർക്കാർ പരിശോധിച്ച് വരികയാണ്. ഇക്കാര്യത്തിൽ തീരുമാനമായാലുടൻ നിർമ്മാണ പ്രവൃത്തികൾ വേഗത്തിലാക്കി ഭവന സമുച്ചയ നിർമ്മാണം പൂർത്തിയാക്കി ഗുണഭോക്താക്കൾക്ക് ലഭ്യമാക്കാൻ സാധിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ